# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം
2014 ജൂലൈ 14, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ 258)

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | 7298 മുതൽ 7357 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | 7358 മുതൽ 7388 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | 7389 മുതൽ 7465 വരെ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | 7466 മുതൽ 7555 വരെ |

## 2013-14 - ഗ്രാമവികസന വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക

7298 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ ഗ്രാമവികസന വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും ഏതൊക്കെ പദ്ധതികൾക്കായി എത്ര കോടി രൂപ ലഭിച്ചിരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്തൊക്കെ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(സി) എത്ര രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടുവെന്നും ഇതിന്റെ കാരണമെന്തായിരുന്നുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം

7299 ശ്രീ. അൻവർ സാദത്ത്
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർവ്വഹിക്കുവാൻ പ്ലാനിംഗ് ബോർഡിൽ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ആസൂത്രണ ബോർഡിൽ സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണം നിരീക്ഷിക്കുവാനും ആവശ്യമുള്ളപ്പോൾ തുക വിനിയോഗിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>വികസന പ്രവർത്തനങ്ങളുടെ ശാക്തീകരണം</u>

7300 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ നേരിട്ട പ്രധാന പ്രതിബന്ധങ്ങളെ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുപ്പുപോലുള്ള പ്രവർത്തനങ്ങൾ വികസന പദ്ധതികളെ മന്ദഗതിയിലാക്കുന്നത് തടയുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ഗ്രാമവികസനവകുപ്പുമുഖേന അനുവദിച്ച തുക</u>

7301 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോഴിക്കോട് ജില്ലയിലും പേരാമ്പ്ര മണ്ഡലത്തിലും ഗ്രാമവികസന വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ പേര് വിവരവും അവ ഏത് ഘട്ടത്തിത്തിലാണെന്നും വെളിപ്പെടുത്തുമോ;

(സി) നബാർഡ് സഹായത്തോടെ എത്ര പ്രവൃത്തികൾക്ക് തുക അനുവദിച്ചു എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

വന്‍കിട പദ്ധതികള്‍ക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ്

7302

ശ്രീ. ഹൈബി ഈഡന്‍
,, കെ. ശിവദാസന്‍ നായര്‍
,, എം. എ. വാഹിദ്
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വന്‍കിട പദ്ധതികള്‍ക്ക് മാത്രമായി ഒരു പുതിയ ബഡ്ജറ്റ് ഹെഡ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങള്‍ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വര്‍ഷത്തിന്റെ അവസാനം വന്‍കിട പദ്ധതികള്‍ക്ക് ധനലഭ്യത ഉറപ്പുവരുത്തുവാന്‍ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ബഡ്ജറ്റ് ഹെഡില്‍ തുക വകയിരുത്താനും ചെലവഴിക്കാനും ആസൂത്രണ ബോര്‍ഡില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഒരുക്കിയിട്ടുണ്ടെന്നും വിശദാംശങ്ങള്‍ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>മിഷൻ 676 പദ്ധതി ചാലക്കുടി മണ്ഡലത്തിൽ</u>

7303 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മിഷൻ 676 പദ്ധതിയുടെ ഭാഗമായി ഗ്രാമവികസനം, ആസൂത്രണം, സാംസ്ക്കാരികം എന്നീ വകുപ്പുകളുടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് ചാലക്കുടി മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി</u>

7304 ശ്രീ. ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമമായും പ്രായോഗികമായും നിർവ്വഹിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയതെന്ന് വിശദമാക്കാമോ;

(ബി) മെറ്റീരിയൽ കോസ്റ്റ് ഉപയോഗിച്ച് സ്ഥിരമായ ആസ്തികൾ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിയന്റെ നിവേദനം</u>

7305 ശ്രീമതി കെ. കെ. ലതിക
ശ്രീ. ബി. സത്യൻ
'' കെ. കുഞ്ഞിരാമൻ(ഉദുമ)
'' ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികളുടെ ആവശ്യങ്ങൾ സംബന്ധിച്ച് എൻ.ആർ.ഇ.ജി. വർക്കേഴ്സ് യൂണിന്റെ നേതൃത്വത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്;

(സി) നിവേദനത്തിലെ ആവശ്യങ്ങളോടുള്ള നിലപാട് അറിയിക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ്</u>

7306 ശ്രീ. കെ.എൻ.എ. ഖാദർ
,, പി.കെ. ബഷീർ
,, പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നുള്ള 03.01.2014-ലെ എസ്.ഒ 19 (ഇ) നമ്പർ വിജ്ഞാപനപ്രകാരം ഏതെല്ലാം മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനാണ് നിർദ്ദേശം ലഭിച്ചിട്ടുള്ളത്; അതുപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) 2012-13, 2013-14 എന്നീ വർഷങ്ങളിൽ തൊഴിലുറപ്പു പദ്ധതിക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഈ വർഷങ്ങളിൽ തൊഴിലാളികൾക്ക് കൂലിയിനത്തിൽ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തുകള്‍ ചെലവഴിച്ച തുക</u>

7307 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൊട്ടാരക്കര മണ്ഡലത്തിലെ ഓരോ പഞ്ചായത്തും എത്ര തുക ചെലവഴിച്ചു (01-04-2013 മുതല്‍ 31-03-2014 വരെ) എന്നും ആയത് അനുവദിച്ച തുകയുടെ എത്ര ശതമാനം ആണെന്നും വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര തൊഴില്‍ ദിനങ്ങള്‍ സൃഷ്ടിക്കപ്പെട്ടുവെന്നും പഞ്ചായത്തുകളില്‍ നടന്ന പ്രവൃത്തികളുടെയും ആയതിന് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ്</u>

7308 ശ്രീ. സി. പി. മുഹമ്മദ്
'' ബെന്നി ബെഹനാൻ
'' പി. എ. മാധവൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയിലെ സോഷ്യൽ ഓഡിറ്റിനായി എന്തെല്ലാം കാര്യങ്ങളാണ് സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) സൊസൈറ്റി രൂപീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ</u>

7309 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പാലക്കാട് ജില്ലയിലെ നെന്മാറ, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തുകളിൽ എത്ര തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നുള്ള പഞ്ചായത്തു തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര തൊഴിലാളികൾക്കാണ് നൂറു ദിവസം തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തൊഴിലാളികൾക്ക് വേതനം നൽകാൻ കുടിശ്ശികയുണ്ടോ; എങ്കിൽ ഏത് വർഷം വരെയുള്ള കുടിശ്ശികയാണ് ഉള്ളതെന്ന് വിശദമാക്കുമോ; ആയത് എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പി. എം. ജി. എസ്. വൈ. പദ്ധതി</u>

7310 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ 5 മുതൽ 7 ഘട്ടങ്ങൾ വരെ കുട്ടനാട്ടിൽ അനുവദിച്ചിരുന്ന 11 നിർമ്മാണപ്രവൃത്തികൾ ലാപ്സായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

പി. എം. ജി. എസ്.വൈ. പദ്ധതി

7311 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ മാത്രം **5573.5** ലക്ഷം രൂപയുടെ പ്രവൃത്തികൾ ലാപ്സായ സാഹചര്യത്തിൽ നിരക്കുകൾ പുതുക്കിയോ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തിയോ റോഡു നിർമ്മാണം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പി. എം. ജി. എസ്. വൈ. പദ്ധതി എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ **22** പ്രവൃത്തികൾക്ക് ടെൻഡർ വിളിച്ചിട്ട് എത്ര പ്രവൃത്തികൾ കരാറുകാർ ഏറ്റെടുത്തുവെന്ന് വിശദമാക്കാമോ;

(സി) അധികരിച്ച നിരക്ക് അനുവദിച്ചിട്ടും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ;

(ഡി) എട്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ ഐ. റ്റി. സി-കോടമ്പനാടി, നീലംപേരൂർ-പൈറ്റുപാക്ക ശ്മശാനം, വെളിയനാട് എൽ. പി. എസ്. - കപ്പോള, കുമരംകരി-കുന്നംകരി എന്നീ റോഡുനിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ പി. എം. ജി. എസ്. വൈ. പദ്ധതികൾ</u>

7312 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പി. എം. ജി. എസ്. വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയ റോഡുകൾ ഏതെല്ലാമാണെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പി. എം. ജി. എസ്.വൈ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിന്നും ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തിട്ടുളളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പി. എം. ജി. എസ്. വൈ. പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ

7313 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ.യിൽപ്പെടുത്തി കേന്ദ്രത്തിൽ സമർപ്പിക്കുന്ന പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകളിൽ ഇളവു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ;

(സി) എങ്കിൽ എന്തെല്ലാം ഇളവുകളാണ് ആവശ്യപ്പെട്ടത്;

(ഡി) അതിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റ ശേഷം പി. എം. ജി. എസ്.വൈ. പദ്ധതിക്കായി ലഭിച്ച കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ റോഡുകൾ</u>

7314 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം 2013-14 സാമ്പത്തികവർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യകതമാക്കാമോ;

(ബി) തരൂർ മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭിക്കുമോ; തുടർ പ്രവൃത്തികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ എന്ത് തുടർ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത് ഏത് സർക്കാർ ഏജൻസി/സ്ഥാപനമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം റാന്നി മണ്ഡലത്തിലെ റോഡുകൾ

7315 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ റാന്നി നിയോജക മണ്ഡലത്തിൽ പുതുതായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഓരോ റോഡിനും എത്ര രൂപയ്ക്കുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വ്യക്താമാക്കുമോ; ഇവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; എന്നത്തേയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

പി.എം.ജി.എസ്.വൈ. പദ്ധതിയിലെ റോഡ് നിർമ്മാണം

7316 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത് ; ഏതെല്ലാം റോഡുകളാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2012 -13 സാമ്പത്തിക വർഷത്തെ പി.എം.ജി.എസ്.വൈ യുടെ ഭൗതിക ലക്ഷ്യം നേടിയോ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 2013-14 വർഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; അതിൽ ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഉൾപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാക്കാമോ; അതിനായി എത്ര തുക നീക്കിവച്ചിരുക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ ഇന്ദിരആവാസ്യോജന പദ്ധതിയനുസരിച്ച് അനുവദിച്ച വീടുകൾ</u>

7317 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ഇന്ദിരആവാസ്യോജന പദ്ധതിയനുസരിച്ച് അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) 2013–14, 2014–15 വർഷങ്ങളിൽ മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അനുവദിച്ചവയിൽ എത്രയെണ്ണം പ്രസ്തുത കാലയളവിൽ പൂർത്തീകരിച്ചിട്ടുണ്ട്; പൂർത്തീകരിക്കാത്തവ എത്ര;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മാണം ആരംഭിച്ചവർക്ക് തുടർനിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തതുമൂലം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തുടർന്നുള്ള ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

നാട്ടിക മണ്ഡലത്തിൽ 'നബാർഡ്' പദ്ധതികൾ

7318 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാട്ടിക നിയോജക മണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയായവയും അല്ലാത്തതുമായവ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) പൂർത്തിയാവാത്ത നിർമ്മാണ പ്രവൃത്തികൾ എന്നു തീരുമെന്നും, കാലതാമസം ഉണ്ടെങ്കിൽ കാരണവും വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

ആറ്റിങ്ങൽ മണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികൾ

7319 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ 2013 മാർച്ചിനുശേഷം ഇതുവരെ നബാർഡിന്റെ സഹായത്താൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് നബാർഡിന്റെ സഹായത്തോടെ ഇപ്പോൾ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിൽ നബാർഡിന്റെ പ്രവൃത്തികൾ

7320 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികളിൽപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2013-14,2014-15 വർഷങ്ങളിൽ നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ഗ്രാമവികസന വകുപ്പ് കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത റോഡുകളുടെ പ്രവൃത്തികൾ</u>

7321 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമവികസന വകുപ്പ് കണ്ണൂർ ജില്ലയിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോന്നിന്റെയും തുക എത്രയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>എൻ.ആർ.എൽ.എം പദ്ധതി</u>

7322 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജി.എസ്.വൈയ്ക്കു പകരം വന്ന എൻ.ആർ.എൽ.എം പദ്ധതി സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കിതുടങ്ങിയിട്ടുണ്ടെങ്കിൽ സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും നടപ്പാക്കിയിട്ടുണ്ടോ; ആകെ എത്ര തുകയാണ് പദ്ധതിക്കായി ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്രാമപഞ്ചായത്ത് തലത്തിൽ കുടുംബശ്രീ വഴി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ഐ.എ.വൈ. ഭവനപദ്ധതി കരാറിലേര്‍പ്പെട്ടവര്‍ക്ക് ധനസഹായം

7323 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 2012-2013, 2013-2014 വര്‍ഷങ്ങളില്‍ ഐ.എ.വൈ. ഭവനപദ്ധതിക്കായി കരാറിലേര്‍പ്പെട്ട് വീട്പണി തുടങ്ങി പൂര്‍ത്തിയായവര്‍ക്ക് ധനസഹായം മുഴുവനായി നല്‍കിയിട്ടുണ്ടോ;

(ബി) എത്രപേരാണ് 2012-13,13-14 വര്‍ഷങ്ങളില്‍ കരാറിലേര്‍പ്പെട്ടതെന്നും എത്ര പേര്‍ പൂര്‍ത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) 2014-15 വര്‍ഷത്തില്‍ ഐ.എ.വൈ പദ്ധതിയില്‍ എന്തു തുകയാണ് നല്‍കുന്നതെന്ന് വ്യക്തമാക്കുമോ; എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ തുക വര്‍ദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ഐ.എ.വൈ. പദ്ധതിയില്‍ കേന്ദ്രവിഹിതം കഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകളാണോ നല്‍കുന്നതെന്ന് വ്യക്തമാക്കുമോ;സര്‍ക്കാര്‍ ഇതിലേക്ക് പ്രത്യേക ഫണ്ടുകള്‍ അനുവദിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

'ഹാഡ' നടപ്പിലാക്കുന്ന വർക്കുകൾ

7324 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ 'ഹാഡ'യിൽ നിന്നും ഏതെല്ലാം വർക്കുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരം നൽകുമോ; ഇപ്രകാരം അംഗീകാരം നൽകിയ വർക്കുകൾക്ക് ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ഹിൽ ഏരിയ ഡവലപ്പ്മെന്റ് പദ്ധതിയിൽ ഉൾപ്പെട്ട കൊടുവള്ളി മണ്ഡലത്തിലെ പഞ്ചായത്തുകൾ

7325 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡവലപ്പ്മെന്റ് പദ്ധതിയിൽ കൊടുവള്ളി മണ്ഡലത്തിലെ എത്ര പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ പഞ്ചായത്തുകളിൽ ഇതു സംബന്ധമായ എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോയെന്നും വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2014-15 വർഷത്തേയ്ക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ</u>

7326 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച പുരോഗതി വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും എത്രയെണ്ണം പൂർത്തിയാക്കാനുണ്ടെന്ന് പദ്ധതിയുടെ പേര് സഹിതം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

വിദ്യാഭ്യാസ വായ്പ പലിശയിളവ് സ്കീം

7327 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ വായ്പാ പലിശ സബ്സിഡി പദ്ധതി നിലവിൽ വരുന്ന പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ വായ്പ പലിശയിളവ് സ്കീം പ്രകാരം ജില്ലാ കളക്ടറേറ്റുകളിൽ അപേക്ഷ സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് വായ്പ എടുത്ത ബാങ്കുകളെ സമീപിക്കുന്നതിനായി ആവശ്യമായ സമയം അനുവദിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതിനും മുഴുവൻ അപേക്ഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ബി. പി. എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പ

7328

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി. പി. എൽ. കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡിയായി നൽകാനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വയനാട് ജില്ലയിലെ എത്ര കുട്ടികൾക്ക് സബ്സിഡി നൽകാനായെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇനത്തിൽ ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്നതിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

**പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

T7329 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഗ്രാമവികസന വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) 2014-15 വർഷത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>നീർത്തട പരിപാലന പദ്ധതികൾ</u>

7330 ശ്രീ. വി.പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കുന്ന നീർത്തട പരിപാലന പദ്ധതികൾ ഏതൊക്കെയാണെന്നും ഇവ ഏതൊക്കെ ബ്ലോക്കുകളിലാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന സർക്കാർ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നീർത്തട പരിപാലന പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ഇതുവരെ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇവ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ കത്തിന്മേൽ നടപടി

7331 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർക്ക് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ 5.3.2014-ലെ, 18399/ഡി1/13/എസ്ജെഡി നമ്പർ പ്രകാരമുള്ള കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>

7332 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ക്ഷീരവികസനവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവയുടെ വിശദാംശങ്ങളടങ്ങിയ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പു ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പു മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ, പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

ഡയറിമേഖലയിൽ 50% സബ്സിഡി

7333 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയെ കാർഷിക മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ക്ഷീരമേഖല കാർഷികമേഖലയുടെ ഭാഗമായതുകൊണ്ട് കാർഷിക മേഖലയിൽ പല പദ്ധതികൾക്കും 50% സബ്സിഡി ഉള്ളത് പോലെ ഡയറിമേഖലയിലും 50% സബ്സിഡി നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

നാടക വാദ്യ കലാകാരന്മാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം

7334 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാടക, വാദ്യ കലാകാരന്മാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>അഭ്യസ്തവിദ്യരായ യുവാക്കളുടെ സാമൂഹ്യ പ്രതിബദ്ധത</u>

7335 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധത ഉണ്ടാക്കുന്നതിന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) ആഡംബരഭ്രമവും ധൂർത്തും പ്രചരിപ്പിക്കുന്ന പുത്തൻ ആഗോളതന്ത്രങ്ങളിൽ നിന്നും യുവാക്കളെ മോചിപ്പിച്ച് സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന നല്ല തലമുറയെ സൃഷ്ടിക്കുവാൻ സാംസ്കാരിക വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ബാലുശ്ശേരി കോട്ടയിലെ ദാരുശില്പങ്ങള്‍</u>

7336 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചുമര്‍ ചിത്രം കണ്ടെടുക്കുകയും നവീകരിക്കുകയും ചെയ്ത ബാലുശ്ശേരി കോട്ടയിലെ ദാരുശില്പങ്ങള്‍ മഴയിലും വെയിലിലും നശിക്കാനിടയുള്ള സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിച്ച് സംരക്ഷണ നടപടികള്‍ സ്വീകരിക്കാന്‍ നിര്‍ദ്ദേശിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ കോട്ടകൾ</u>

7337 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര കോട്ടകളുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതിന് ഓരോന്നിനും എത്ര ഏക്കർ വീതം സ്ഥലമുണ്ടെന്നും ഇത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഈ കോട്ടകളുടെ സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>തലശ്ശേരി കോട്ടയിലെ പീരങ്കി സംരക്ഷണം</u>

7338 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കോട്ടയിൽ നിന്ന് കണ്ടെടുത്ത നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പീരങ്കി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ</u>

7339 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2013-14, 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് സാംസ്കാരിക വകുപ്പ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>കെ. രാഘവൻ മാസ്റ്റർക്ക് സ്മാരകം</u>

7340 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത സംഗീതജ്ഞനായിരുന്ന കെ. രാഘവൻ മാസ്റ്റർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്മാരകം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>യക്ഷഗാന ആസ്ഥാന മന്ദിര നിർമ്മാണം</u>

7341 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ മുജുംകാവിൽ യക്ഷഗാന കുലപതി പാർത്ഥിസുബ്ബയുടെ പേരിൽ ഒരു യക്ഷഗാന ആസ്ഥാന മന്ദിരം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; ഇതിനുള്ള തുക എവിടെ നിന്നൊക്കെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പ്രത്യേകം വിശദമാക്കാമോ;

(സി) ഈ സ്മാരക മന്ദിരത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും നിർമ്മാണ പുരോഗതി ഏതുവരെയായെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>കേരള തുളു അക്കാദമി</u>

7342 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും
നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മഞ്ചേശ്വരത്തുള്ള കേരള തുളു അക്കാദമി ഏതു വർഷത്തിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ :

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തുക അക്കാദമിക്കായി അനുവദിച്ചിട്ടുണ്ടെന്നും ആ കാലയളവിൽ എന്തൊക്കെ പ്രവർത്തനങ്ങൾ അക്കാദമിക്കായി നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര തുക തുളു അക്കാദമിക്കായി അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രാദേശിക പത്രലേഖകർ</u>

7343 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര പ്രാദേശിക പത്രലേഖകർ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പെർഫോമൻസ് മോണിട്ടറിംഗ് ഇവാലുവേഷൻ</u>
<u>മെച്ചപ്പെടുത്താൻ നടപടി</u>

7344 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യുവേഷൻ നടപ്പിലാക്കിയതിലൂടെ എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ എന്ത് നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 14.07.2014–ലെ മറുപടിക്ക്

ധനകാര്യവകുപ്പിന്റെ പരിശോധനാ റിപ്പോർട്ട്

7345 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ഡിറ്റിന്റെ വഞ്ചിയൂരുള്ള ടെക്നോളജി എക്സ്റ്റൻഷൻ ഡിവിഷനിൽ ധനകാര്യ വകുപ്പു നടത്തിയ പരിശോധനാറിപ്പോർട്ടിന്മേൽ നടപടി ആവശ്യപ്പെട്ടു കൊണ്ട് ഐ&പി.ആർ.ഡി വകുപ്പു നൽകിയ 41153/ഇ1/13/ഐ &പി.ആർ .തീയതി 05.11.2013 നമ്പർ കത്തനുസരിച്ച് സി.ഡിറ്റ് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ബി) സ്വീകരിച്ചുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കത്തിന് രജിസ്ട്രാർ നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

എഫ്.എം.എസ്. പ്രോജക്ട്

7346 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിനുവേണ്ടി സി–ഡിറ്റ് നടത്തുന്ന എഫ്.എം.എസ്. പ്രോജക്ടിൽ പ്രോജക്ട് മാനേജർ തസ്തികയ്ക്ക് സി–ഡിറ്റ് അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) എങ്കിൽ ടി ഇന്റർവ്യൂവിൽ ഉദ്യോഗാർത്ഥികളായി പങ്കെടുത്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഇന്റർവ്യൂ ബോർഡിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ടി ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇതിൽ എത്ര പേർക്ക് നിയമനം നൽകി എന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**14.07.2014-ലെ മറുപടിക്ക്**

<u>പ്രവാസി ദിനം ആഘോഷിക്കുന്നതിനുള്ള ചെലവ്</u>

7347 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സർക്കാർ അധികാരമേറ്റ ശേഷം പ്രവാസി ദിനം കൊണ്ടാടുന്നതിന് ഓരോവർഷവും എത്ര രൂപ വീതം ചെലവഴിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>വിദേശത്ത് ജോലി ചെയ്യുന്ന മലയാളകളുടെ ജീവിത നിലവാരം</u>

T7348 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിദേശത്ത് ജോലി ചെയ്യുന്ന മലയാളികളുടെ ജീവിത നിലവാരം മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>നോർക്ക സെല്ലുകളുടെ പ്രവർത്തനം</u>

7349 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും**
**നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക സെല്ലുകളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് നോർക്ക സെല്ലുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ നോർക്കാസെല്ലുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 14.07.2014-ലെ മറുപടിക്ക്

ഇറാഖിലെ കലാപത്തിൽ കുടുങ്ങിപ്പോയ മലയാളികളെ നാട്ടിലെത്തിക്കാൻ നടപടി

7350 ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

1989-ൽ കുവൈറ്റ് അധിനിവേശ കാലത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ യോജിച്ച് നടപ്പിലാക്കിയ ഒഴിപ്പിക്കൽ നടപടികൾക്ക് സമാനമായ നടപടികൾ ഇറാഖിൽ കുടുങ്ങിപ്പോയ മലയാളികളെ രക്ഷിക്കുവാൻ സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
# 14.07.2014–ലെ മറുപടിക്ക്

<u>നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ</u>

7351 ശ്രീ. സണ്ണി ജോസഫ്
,, പി.സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തിവരുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലെ മലയാളികൾക്കാണ് പ്രസ്തുത ഹെൽപ്പ് ഡെസ്ക്കിന്റെ സേവനം ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളിൽനിന്ന് ലഭിച്ച വരുമാനം</u>

7352 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പക്കൽനിന്ന് കഴിഞ്ഞ 3 വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ കണക്കുകൾ വിശദമാക്കാമോ;

(ബി) സർക്കാർ മുൻകൈ എടുത്ത് പ്രവാസികളുടെ വരുമാനം നിക്ഷേപിച്ച് പൊതുമേഖലാ സംരംഭങ്ങളും പദ്ധതികളും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ</u>

7353 ശ്രീ. പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി കലാകാരൻമാർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പുരസ്കാരങ്ങൾ നൽകുന്നതുമുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമത്തിന് കേന്ദ്ര സഹായം</u>

7354 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമപ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്രത്തിന് നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേരള പ്രവാസി ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രവാസിക്ഷേമത്തിന് ധനസഹായം</u>

7355 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം തിരിച്ചെത്തിയ പ്രവാസികളുടെ ചികിത്സയ്ക്കായി എത്ര രൂപ പ്രവാസി ക്ഷേമ വകുപ്പ് മുഖേന നൽകുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ;

(ബി) മരണമടഞ്ഞ പ്രവാസികളുടെ എത്ര കുടുംബങ്ങൾക്ക് എത്ര രൂപ വീതം സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നോർക്ക ചെയർമാൻസ് ഫണ്ട് എത്ര ലക്ഷം രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 14.07.2014-ലെ മറുപടിക്ക്

<u>പ്രവാസികളെ കബളിപ്പിച്ച് പണം തട്ടിയ സംഭവങ്ങൾ</u>

7356 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പ്രവാസികളെ കബളിപ്പിച്ച് പണം തട്ടിയെടുക്കുന്ന സംഭവങ്ങളിൽ പോലീസ് വേണ്ടത്ര താല്പര്യം കാണിക്കാത്തതിനാലും എംബസികൾ മുഖേന നൽകുന്ന പരാതികൾപോലും ഫലപ്രദമായി അന്വേഷിക്കാത്തതിനാലും സംസ്ഥാന പോലീസ് ആസ്ഥാനത്ത് പ്രവാസി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 14.07.2014–ലെ മറുപടിക്ക്

<u>ഗൾഫിൽ മരണമടഞ്ഞ പ്രവാസികളുടെ</u>
<u>മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം</u>

7357 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗൾഫിൽ ജോലിയിലിരിക്കെ മരണമടഞ്ഞ പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?